**10.08.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 31–10–06**

# സദാ സ്നേഹിയാകുന്നതിനോടൊപ്പം അഖണ്ഡ മഹാദാനിയാകൂ എങ്കിൽ വിഘ്നവിനാശക, സമാധാന സ്വരൂപമായി മാറും.

ഇന്ന് പ്രേമസാഗരൻ തന്റെ പരമാത്മ പ്രേമത്തിന് അർഹരായ കുട്ടികളുമായി മിലനത്തിന് വന്നിരിക്കുകയാണ്. താങ്കൾ എല്ലാവരും സ്നേഹത്തിന്റെ അലൗകീക വിമാനത്തിൽ ഇവിടെ എത്തിചേർന്നിരിക്കുകയാണ്! സാധാരണ വിമാനത്തിൽ ആണോ വന്നത് അതോ സ്നേഹത്തിന്റെ വിമാനത്തിൽ പറന്നു എത്തിച്ചേർന്നതാണോ? എല്ലാവരുടെയും ഹൃദയത്തിൽ സ്നേഹത്തിന്റെ തിരമാലകൾ അലയടിക്കുന്നു ഈ സ്നേഹമാണ് ബ്രാഹ്മണ ജീവിതത്തതിന്റെ അടിത്തറ. നിങ്ങൾ എല്ലാവരും വന്ന സമയത്ത് സ്നേഹമാണ് ആകർഷിച്ചത്! പിന്നീടാണ് ജ്ഞാനം കേട്ടത്, സ്നേഹമാണ് പരമാത്മ സ്നേഹി ആക്കിയത്. നമ്മൾ പരമാത്മ സ്നേഹത്തിനു അർഹരാകും എന്നത് സ്വപ്നത്തിൽ പോലും ഉണ്ടായിരുന്നില്ല . ഇപ്പോൾ എന്ത് പറയുന്നു ?ആയിത്തീർന്നു. സ്നേഹം സാധാരണ സ്നേഹം അല്ല, ഹൃദയത്തിൽ നിന്നുള്ള സ്നേഹമാണ്.ആത്മീയ സ്നേഹമാണ്, സത്യമായ സ്നേഹമാണ്, നിസ്വാർത്ഥ സ്നേഹമാണ്. ഈ പരമാത്മ സ്നേഹം വളരെ സഹജമായി ഓർമ്മയുടെ അനുഭവം ചെയ്യിപ്പിക്കുന്നതാണ്.സ്നേഹമുള്ളവർക്ക് ഓർമ്മിക്കുന്നത് ബുദ്ധിമുട്ടല്ല, മറക്കുന്നത് ബുദ്ധിമുട്ടാകും. സ്നേഹം ഒരു അലൗകീക കാന്തമാണ്. സ്നേഹം സഹജ യോഗി ആക്കുന്നു, പരിശ്രമിക്കുന്നതിൽ നിന്ന് മോചിപ്പിക്കുന്നു. സ്നേഹത്തോടെ ഓർമ്മിക്കുന്നതിന് പരിശ്രമം ഉണ്ടാകില്ല. സ്നേഹത്തിന്റെ ഫലമാണ് കഴിക്കുന്നത്. സ്നേഹത്തിന്റെ അടയാളമാണ് വിശേഷമായി നാനാഭാഗത്തുമുള്ള കുട്ടികൾ, എന്നാൽ ഡബിൾ വിദേശികളും സ്നേഹം കാരണം ഓടി എത്തിച്ചേർന്നതാണ്.
നോക്കൂ എങ്ങനെയാണ് 90 ദേശങ്ങളിൽ നിന്നും ഓടി എത്തിച്ചേർന്നിരിക്കുന്നത്! ദേശത്തിലുള്ള കുട്ടികൾ പ്രഭു പ്രേമത്തിന് അർഹരായവരാണ്,ഇന്ന് പക്ഷെ പ്രത്യേകിച്ച് ഡബിൾ വിദേശികൾക്കുള്ള സുവർണ്ണ അവസരമാണ്. നിങ്ങൾക്ക് എല്ലാവർക്കും പ്രത്യകമായി സ്നേഹം ഉണ്ടല്ലോ! സ്നേഹമില്ലേ! എത്ര സ്നേഹമാണ്? ആരോടെങ്കിലും ഉപമിക്കാൻ കഴിയുമോ?ഒന്നിനോടും ഉപമിക്കാൻ കഴിയില്ല. താങ്കളുടെ ഒരു പാട്ട് ഇല്ലേ ആകാശത്തിൽ ഇത്രയും നക്ഷത്രങ്ങൾ ഇല്ല,സാഗരത്തിൽ ഇത്ര്യും ജലം ഇല്ല...., പരിധികളില്ലാത്ത സ്നേഹമാണ്.

ബാപ്ദാദ സ്നേഹികളായ കുട്ടികളുമായി മിലനത്തിനാണ് വന്നത്. കുട്ടികളായ നിങ്ങൾ എല്ലാവരും സ്നേഹപൂർവ്വം ഓർമ്മിച്ചു, ബാപ്ദാദയും നിങ്ങളുടെ സ്നേഹം കാരണം എത്തിച്ചേർന്നു. ഈ സമയത്ത് ഓരോരുത്തരുടെയും മുഖത്തിലൂടെ സ്നേഹത്തിന്റെ രേഖകൾ തിളങ്ങുന്നുണ്ട്. അതുപോലെ ഇപ്പോൾ എന്താണ് ചേർക്കേണ്ടത്?സ്നേഹം ഉണ്ട്, ഇത് ഉറപ്പാണ്. ബാപ്ദാദയും സർട്ടിഫിക്കറ്റ് നൽകുന്നു സ്നേഹം ഉണ്ട്. ഇപ്പോൾ ചെയ്യേണ്ടത് എന്താണ്? മനസിലാക്കിയിട്ടുണ്ടല്ലോ. ഇപ്പോൾ അടിവരയിടുക മാത്രം ചെയ്യണം. സദാ സ്നേഹി ആയിരിക്കണം, സദാ. ഇടയ്ക്കിടയ്ക്ക് അല്ല. സ്നേഹം അഖണ്ഡമായതാണ് അതിൽ ശതമാനത്തിന്റെ അന്തരം വരുന്നുണ്ട്. അന്തരം ഇല്ലാതാക്കുന്നതിനുള്ള മന്ത്രം എന്താണ് ? **ഈ സമയത്ത് മഹാദാനിയും, അഖണ്ഡ ദാനിയുമാകൂ. സദാ ദാതാവിന്റെ കുട്ടികൾ വിശ്വ സേവധാരികൾ സമാനരാണ്.** ഒരിക്കലും മാസ്റ്റർ ദാതാവാകാതെ ഇരിക്കുന്ന സമയം ഉണ്ടാകരുത്, വിശ്വ മംഗളത്തിന്റെ കാര്യത്തിൽ നിങ്ങളും ബാബയോടൊപ്പം സഹായി ആക്കുന്നതിനുള്ള സങ്കൽപം ചെയ്തതാണ്. മനസിലൂടെ ശക്തികളുടെ ദാനവും സഹയോഗവും നൽകൂ. എത്ര അഖണ്ഡ ഖജനാവുകളുടെ അധികാരിയാണ്, ലോകത്തിലെ ഏറ്റവും സമ്പന്നരാണ്. അക്ഷയവും അഖണ്ഡവുമായ ഖജനാവാണ്. കൊടുക്കും തോറും വർദ്ധിച്ചുകൊണ്ടിരിക്കും. കുറവ് വരില്ല, വർദ്ധിച്ചുകൊണ്ടിരിക്കും, വർത്തമാന സമയത്ത് നിങ്ങളുടെ ആത്മീയ സഹോദരി സഹോദരന്മാർ ഈ ഖജനാവുകൾക്ക് ദാഹിക്കുന്നവർ ആണ്. നിങ്ങളുടെ സഹോദരി സഹോദരന്മാരോട് ദയ തോന്നുന്നില്ലേ! ദാഹിക്കുന്ന ആത്മാക്കളുടെ ദാഹം തീർക്കുകയില്ലേ?കാതുകളിൽ ശബ്ദം കേൾക്കുന്നില്ലേ" ഹേ ഞങ്ങളുടെ ദേവി ദേവന്മാരെ ഞങ്ങൾക്ക് ശക്തി തരൂ,സത്യമായ സ്നേഹം തരൂ". താങ്കളുടെ ഭക്തരും ദുഖിതരായ ആത്മാക്കളും രണ്ടു കൂട്ടരും ദയ കാണിക്കൂ, കൃപ ചെയ്യൂ, ഹേ കൃപയുടെ ദേവി ദേവന്മാരെ എന്ന് ഉച്ചത്തിൽ വിളിക്കുന്നുണ്ട്. സമയത്തിന്റെ വിളി കേൾക്കുന്നില്ലേ! കൊടുക്കാനുള്ള സമയം ഇപ്പോൾ ആണ്.പിന്നീട് എപ്പോൾ കൊടുക്കും? നിങ്ങളുടെയടുത്ത് ശേഖരിക്കപ്പെട്ട ഇത്രയും അഖണ്ഡവും അക്ഷയവുമായ ഖജനാവ്, എപ്പോൾ കൊടുക്കും? അന്തിമ സമയത്ത് കൊടുക്കുമോ?ആ സമയത്ത് കൈകുമ്പിളിൽ കൊള്ളുന്നത് മാത്രമേ കൊടുക്കാനാകൂ. നിങ്ങൾ ശേഖരിച്ച ഖജനാവുകൾ എപ്പോൾ കാര്യത്തിൽ ഉപയോഗിക്കും? പരോശോധിക്കണം ഓരോ സമയവും ഏതെങ്കിലുമൊക്കെ ഖജനാവുകൾ സഫലമാക്കുന്നുണ്ട്! ഇതിൽ രണ്ടു നേട്ടമാണ് ഉള്ളത്,ഖജനാവ് സഫലമാക്കുന്നതിലൂടെ ആത്മാക്കളുടെ മംഗളം ഉണ്ടാവുകയും ഒപ്പം നിങ്ങൾ എല്ലാവരും മഹാദാനിയാകുന്നത് കാരണം വിഘ്ന വിനാശകരാകും,സമസ്യ സ്വരൂപമല്ല, സമാധാന സ്വരൂപം സഹജമായി ആകും. ഡബി

ൾ പ്രയോജനമാണ്. ഇന്ന് ഇത് വന്നു, നാളെ അത് വന്നു,ഇന്ന് ഇത് സംഭവിച്ചു, നാളെ അത് സംഭവിക്കും .സദാ കാലത്തേയ്ക്ക് വിഘ്നമുക്തരും സമസ്യാമുക്തരുമാകും. ആരാണോ സമസ്യയ്ക്ക് പിന്നാലെ സമയം കളയുന്നത്, പരിശ്രമിക്കുന്നുണ്ട്,ചിലപ്പോൾ ഉദാസീനരാകുന്നു, മറ്റ്ചിലപ്പോൾ ഉത്സാഹത്തോടെയിരിക്കുന്നു, ഇതിൽ നിന്നെല്ലാം രക്ഷപ്പെടും, കാരണം ബാപ്ദാദയ്ക്ക് കുട്ടികൾ പരിശ്രമിക്കുന്നത് ഇഷ്ടമാകുന്നില്ല. കുട്ടികൾ പരിശ്രമിക്കുന്നത് ബാപ്ദാദ കാണുമ്പോൾ കുട്ടികളുടെ പരിശ്രമം ബാപ്ദാദയ്ക്ക് കണ്ടിരിക്കാൻ കഴിയില്ല. അതിനാൽ പരിശ്രമങ്ങളിൽ നിന്ന് മുക്തരാകൂ. പുരുഷാർത്ഥം ചെയ്യണം, എന്നാൽ ഏത് പുരുഷാർത്ഥമാണ്? ഇപ്പോഴും തന്റെ കൊച്ചു കൊച്ചു സമസ്യകളിൽ പുരുഷാർത്ഥം ചെയ്യുന്നുണ്ടോ! ഇപ്പോൾ അഖണ്ഡ മഹാദാനിയും സഹയോഗിയുമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ. ബ്രാഹ്മണരുടെ സഹയോഗിയാകൂ, ദുഖിതരും ദാഹിക്കുന്നവരുമായ ആത്മാക്കളോടു മഹാദാനിയാകൂ.ഇപ്പോൾ ഈ പുരുഷാർത്ഥത്തിന്റെ ആവശ്യമാണ് ഉള്ളത്. ഇഷ്ടപ്പെട്ടില്ലേ! ഇഷ്ടമാണോ?പുറകിലിരിക്കുന്നവർക്ക് ഇഷ്ടമാണോ! ഇപ്പോൾ ചില മാറ്റങ്ങളും വേണം,സ്വയത്തിനായുള്ള പുരുഷാർത്ഥം വളരെ കാലമായി ചെയ്യുന്നു.പാണ്ഡവർ എങ്ങനെയുണ്ട്! ഇഷ്ടമാണോ? നാളെ മുതൽ എന്ത് ചെയ്യും? നാളെ മുതൽ തന്നെ തുടങ്ങുമോ അതോ ഇപ്പോൾ മുതൽ ആണോ? ഇപ്പോൾ തന്നെ സങ്കല്പം ചെയ്യൂ-**എന്റെ സമയവും, സങ്കല്പവും വിശ്വ സേവനത്തിനു വേണ്ടിയുള്ളതാണ്**. ഇതിൽ സ്വയത്തിന്റേത് സ്വാഭാവികമായി തന്നെ നടക്കും , നിൽക്കില്ല, വർധിക്കും. കാരണം? നിങ്ങൾ ആരുടെയെങ്കിലും ആശ പൂർത്തികരിക്കുകയാണ്,ദുഖത്തിന് പകരം സുഖം കൊടുക്കുകയാണ്, ബലഹീന ആത്മാക്കൾക്ക് ശക്തി കൊടുക്കുകയാണ്, ഗുണം കൊടുക്കുകയാണ്, എങ്കിൽ അവർ എത്ര ആശീർവ്വാദം തരും.സർവ്വരുടേയും ആശീർവ്വാദങ്ങൾ നേടുന്നത് മുന്നോട്ട് പോകുന്നതിനുള്ള ഏറ്റവും സഹജമായ മാർഗ്ഗമാണ്. പ്രഭാഷണങ്ങൾ ചെയ്തില്ലെങ്കിലും,കൂടുതൽ പ്രോഗ്രാമുകൾ ചെയ്യാൻ കഴിയുന്നില്ല എങ്കിലും കുഴപ്പമില്ല, ചെയ്യാൻ കഴിയുമെങ്കിൽ പിന്നെയും ചെയൂ.ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും സാരമില്ല, ഖജനാവുകളെ സഫലമാക്കൂ. കേൾപ്പിച്ചതല്ലേ മനസ്സ് കൊണ്ട് ശക്തികളുടെ ഖജനാവുകൾ കൊടുത്ത് കൊണ്ടിരിക്കൂ. വാക്കിലൂടെ ജ്ഞാനത്തിന്റെ ഖജനാവും, കർമ്മത്തിലൂടെ ഗുണങ്ങളുടെ ഖജനാവും, ബുദ്ധി കൊണ്ട് സമയത്തിന്റെ ഖജനാവും, സംബന്ധ സമ്പർക്കത്തിലൂടെ സന്തോഷത്തിന്റെ ഖജനാവും സഫലമാക്കൂ. സഫലമാക്കുന്നതിലൂടെ സഹജമായി സഫലത മൂർത്തിയായി മാറും. സഹജമായി പറന്നുകൊണ്ടിരിക്കും കാരണം ആശിർവ്വാദങ്ങൾ ഒരു ലിഫ്റ്റ് പോലെ പ്രവർത്തിക്കും, ഏണിപ്പടി അല്ല. സമസ്യകൾ വരുന്നു അത് സമാപ്തമാക്കുന്നു ചിലപ്പോൾ രണ്ടു ദിവസമെടുക്കും, ചിലപ്പോൾ രണ്ടു മണിക്കൂർ എടുക്കും, ഈ ഏണിപ്പടി കയറേണ്ടതാണ്. സഫലമാക്കൂ സഫലതാമൂർത്തിയാകൂ. ആശിർവ്വാദങ്ങളുടെ ലിഫ്റ്റിലൂടെ ആഗ്രഹിക്കുന്നിടത്ത് സെക്കൻഡിൽ എത്തി ചേരും . ആഗ്രഹിക്കുമ്പോൾ സൂക്ഷ്മ വദനത്തിൽ എത്തിച്ചേരൂ, ആഗ്രഹിക്കുമ്പോൾ പരന്ധാമിൽ എത്തിച്ചേരൂ ,ആഗ്രഹിക്കുമ്പോൾ നമ്മുടെ രാജ്യത്തിലേക്ക് എത്തൂ, എല്ലാം സെക്കന്റിൽ. ലണ്ടനിൽ ഒരു മിനിറ്റിന്റെ പ്രോഗ്രാം ചെയ്തിരുന്നു. ബാപ്ദാദ പറയുന്നു ഒരു സെക്കന്റ്. ഒരു സെക്കന്റിൽ ആശീർവ്വാദങ്ങളുടെ ലിഫ്റ്റിൽ കയറൂ. സ്മൃതിയുടെ സ്വിച്ച് ഓൺ ആക്കിയാൽ മാത്രം മതി, പ്രയത്നങ്ങളിൽ നിന്ന് മുക്തമാകൂ. ഇന്ന് ഡബിൾ വിദേശികളുടെ ദിവസമാണ്.ബാപ്ദാദ ഡബിൾ വിദേശികളെ ആദ്യം ഏത് രൂപത്തിലാണ് കാണാൻ ആഗ്രഹിക്കുന്നത്? പ്രയത്നങ്ങളിൽ നിന്ന് മുക്തരും, സഫലത മൂർത്തി ആശീർവ്വാദങ്ങൾക്ക് യോഗ്യർ. ആകില്ലേ? ഡബിൾ വിദേശികൾക്ക് ബാബയോടു സ്നേഹം വളരെ കൂടുതലാണ്, ശക്തി വേണം,പക്ഷെ സ്നേഹം നന്നായി ഉണ്ട്. അതിശയം ചെയ്തല്ലോ? നോക്കൂ 90 ദേശങ്ങളിൽ നിന്നുള്ളവരാണ്,വെവ്വേറെ ദേശങ്ങളാണ്, വ്യത്യസ്ത സമ്പ്രദായങ്ങളിലുള്ളവരാണ് എങ്കിലും 5 ഭൂഖണ്ഡങ്ങളിലെ ഒരു ചന്ദന വൃക്ഷം തയ്യാറായി. ഒരു വൃക്ഷത്തിലേതായി. ഒരേ ബ്രാഹ്മണ സംസ്ക്കാരത്തിലേതായി, ഇപ്പോൾ പാശ്ചാത്യ സംസ്ക്കാരം ഉണ്ടോ? ഞങ്ങളുടേത് പാശ്ചാത്യ സംസ്കാരമാണ്. . . . അല്ലലോ! ബ്രാഹ്മണർ അല്ലെ? ആരാണോ നമ്മുടേത് ഇപ്പോൾ ബ്രാഹ്മണ സംസ്കാരമാണ് എന്ന് മനസിലാക്കുന്നത് അവർ കൈ ഉയർത്തൂ. ബ്രാഹ്മണ സംസ്ക്കാരം, അതിൽ മറ്റ് ഒന്നും കൂട്ടി ചേർക്കരുത്. ഒരുപോലെ അല്ലെ! ബാപ്ദാദ ഇതിനുള്ള ആശംസകൾ നൽകുന്നു, എല്ലാവരും ചേർന്ന് ഒരു വൃക്ഷമായി മാറി. എത്ര നല്ലതാണ്! ആരോട് വേണമെങ്കിലും ചോദിക്കൂ,അമേരിക്കയിലുള്ളവരോട് ചോദിക്കൂ, യൂറോപ്പിലുള്ളവരോട് ചോദിക്കൂ, താങ്കൾ ആരാണ്?എന്ത് പറയും? ബ്രാഹ്മണൻ ആണല്ലോ!അതോ യു.കെ യിലേതാണ്, ആഫ്രിക്കക്കാരൻ, അമേരിക്കക്കാരൻ എന്ന് പറയുമോ അല്ലലോ, എല്ലാവരും ബ്രാഹ്മണർ മാത്രമാണ്, ഒരു അഭിപ്രായമുള്ളവർ ആയി, ഒരു സംസ്ക്കാരം ഉള്ളവർ ആയി. ബ്രാഹ്മണർ ആണ്, ഏക മതം ശ്രീമതം ആണ്. ഇത് രസകരമല്ലേ! രസകരമായതാണോ പ്രയാസമാണോ? പ്രയാസം ഇല്ലലോ! തല കുലുക്കുന്നുണ്ട്, നല്ലതാണ്.

ബാപ്ദാദ സേവനത്തിൽ എന്ത് നവീനതയാണ് ആഗ്രഹിക്കുന്നത്? ഏത് സേവനം ചെയ്താലും വളരെ വളരെവളരെ നല്ലതായി ചെയ്യുന്നുണ്ട്. അതിന്റെ ആശംസകൾ ഉണ്ട്. മുന്നോട്ടേക്ക് എന്താണ് ചേർക്കേണ്ടത്? നിങ്ങളുടെയും മനസ്സിൽ ഉണ്ടല്ലോ ഏതെങ്കിലും പുതുമ വേണമെന്ന്. ബാപ്ദാദ കണ്ടു, ചെയ്യുന്ന എ

ല്ലാ പ്രോഗ്രാമിലും,സമയം കൊടുത്ത്, സ്നേഹത്തോടെ ചെയ്തതാണ്, പ്രയത്നിക്കുകയും സ്നേഹത്തോടെ ചെയ്യുകയും ചെയ്തു. സ്തൂല ധനവും ഉപയോഗിച്ചു, അത് കോടിമടങ്ങായി നിങ്ങളുടെ പരമാത്മാവിന്റെ ബാങ്കിൽ ശേഖരണമായി. അത് ഉപയോഗിക്കുക അല്ല, ശേഖരിക്കുക ആണ്. ഫലം നോക്കുമ്പോൾ കണ്ടു സന്ദേശം എത്തിക്കുന്ന കാര്യവും, പരിചയം കൊടുക്കുന്ന കാര്യവും എല്ലാവരും വളരെ നല്ലതായി ചെയ്തു. ചെയ്ത ഇടങ്ങളിലെല്ലാം, ഇപ്പോൾ ദില്ലിയിൽ നടക്കുന്നുണ്ട്, ലണ്ടനിൽ ചെയ്തു, ഡബിൾ വിദേശികൾ കാൾ ഓഫ് ടൈം, പീസ് ഓഫ് മൈൻഡ് എന്നീ പ്രോഗ്രാമുകൾ ചെയ്തു. ഈ പ്രോഗ്രാമുകൾ എല്ലാം ബാപ്ദാദയ്ക്ക് വളരെ ഇഷ്ടപ്പെട്ടു. ഏതെല്ലാം കാര്യങ്ങൾ ചെയ്യാമോ ചെയ്തുകൊണ്ടിരിക്കൂ . സന്ദേശം കിട്ടുന്നു, സ്നേഹി ആകുകയും ചെയ്യുന്നു,സഹയോഗിയും ആകുന്നു, കുറച്ച് പേർ സംബന്ധത്തിലേക്ക് വരുകയും ചെയ്യുന്നു, പക്ഷെ ഇനി ഇതും കൂട്ടിച്ചേർക്കണം. ഏതെങ്കിലും വലിയ പ്രോഗ്രാം ചെയ്യുമ്പോൾ അതിലൂടെ സന്ദേശം കിട്ടുന്നു, ഒപ്പം എന്തെങ്കിലും അനുഭവം ചെയ്തിട്ട് പോകണം, ആ അനുഭവം മുന്നോട്ട് കൊണ്ടുപോകും. ഏതുപോലെ ഈ കാൾ ഓഫ് ടൈം, പീസ് ഓഫ് മൈൻഡ് പ്രോഗ്രാമുകളിൽ അനുഭവം ചെയ്യുന്നത് കൂടുതലാണ്. വലിയ പരിപാടികളിലൂടെ വളരെ നല്ലതായി സന്ദേശം കിട്ടുന്നുണ്ട്, വരുന്നവർക്കെല്ലാം വളരെ നല്ലതായി അനുഭവം ചെയ്യിപ്പിക്കുന്നതിന്റെ ലക്ഷ്യം വയ്ക്കൂ, എന്തെങ്കിലും ഒരു അനുഭവം ചെയ്യണം, കാരണം അനുഭവം ഒരിക്കലും മറക്കില്ല, അനുഭവം അങ്ങനെയാണ് ആഗ്രഹിക്കാതെ തന്നെ അതിലേക്ക് ആകർഷിക്കും. ബാപ്ദാദ ചോദിക്കുകയാണ് ആദ്യമേ ബ്രാഹ്മണർ എല്ലാവരും, ജ്ഞാനത്തിന്റെ ഏതെല്ലാം പോയിന്റുകൾ ഉണ്ടോ സ്വയം അതിന്റെ അനുഭവിയാണോ? ഓരോ ശക്തിയുടെയും അനുഭവം ചെയ്തോ, ഓരോ ഗുണത്തിന്റെയും അനുഭവം ചെയ്തോ? ആത്മീയ സ്ഥിതിയുടെ അനുഭവം ചെയ്തോ? പരമാത്മ സ്നേഹത്തിന്റെ അനുഭവം ചെയ്തോ? ജ്ഞാനം മനസ്സിലാക്കുന്നതിൽ പാസ് ആയി, ജ്ഞാനത്തിൽ സമ്പന്നരായി, ഇതിൽ ബാപ്ദാദയും ശ്രദ്ധിക്കുന്നുണ്ട്, ശരിയാണ്.ആത്മാവ് എന്താണ്, പരമാത്മാവ് എന്താണ്, ഡ്രാമ എന്താണ്, ജ്ഞാനം മനസിലാക്കി, എന്നാൽ ആഗ്രഹിക്കുന്ന സമയത്ത് ആഗ്രഹിക്കുന്നത്രയും, ഏത് സാഹചര്യത്തിലാണോ, ആ സാഹചര്യത്തിൽ ആത്മീയ ബലത്തിന്റെ അനുഭവം ഉണ്ടാകണം, പരമാത്മ ശക്തിയുടെ അനുഭവം ഉണ്ടാകണം, അത് ഉണ്ടാകുന്നുണ്ടോ? ഏത് സമയത്ത് എത്രസമയം എത്ര അളവിൽ അനുഭവം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടോ അത് അനുഭവമാകുന്നുണ്ടോ? അതോ പലപ്പോഴും പലവിധത്തിൽ ആണോ?ഞാൻ ആത്മാവാണ് എന്ന് ചിന്തിക്കുമ്പോഴും ആവർത്തിച്ച് ദേഹാഭിമാനം വരുന്നുണ്ട് എങ്കിൽ, അനുഭവം എങ്ങനെ ഉരുപയോഗപ്പെടും? അനുഭവിമൂർത്തി ഓരോ വിഷയത്തിന്റെയും, ഓരോ ശകതികളുടെയും അനുഭവി മൂർത്തിയായിരിക്കും. അതിനാൽ സ്വപ്നത്തിൽ പോലും അനുഭവത്തെ കൂടുതൽ വർധിപ്പിക്കൂ. പൂർണ്ണമായും അനുഭവം ഇല്ല എന്നല്ല, ഇടയ്ക്കിടയ്ക്ക് ഉണ്ട്, സം ടൈം. ബാപ്ദാദ ആഗ്രഹിക്കുന്നത് സം ടൈം (ഇടയ്ക്കിടയ്ക്ക്) അല്ല, സം തിങ് (ചിലതെല്ലാം)ആകുന്നു, അതിനാൽ സം ടൈം ആകുന്നു, നിങ്ങളുടെ എല്ലാം ലക്ഷ്യമാണ്, ചോദിക്കാറുണ്ട് ലക്ഷ്യം എന്താണ്? പറയും ബാബയ്ക്ക് സമാനമാകണം. എല്ലാവരും ഒരു ഉത്തരമാണ് തരുന്നത്. ബാബയ്ക്ക് സമാനം, ബാബ സം ടൈം, സം തിങ് ആയിരുന്നില്ല, ബ്രഹ്മ ബാബ സദാ രഹസ്യ യുക്തവും, യോഗയുക്തവും, ഓരോ ശക്തിയിലും സദാ ആയിരുന്നു, ഇടയ്ക്കിടയ്ക്ക് അല്ല. അനുഭവം ഉണ്ടാകുന്നത്, സദാ കാലത്തേയ്ക്ക് കൂടെ വരും, അത് ഇടയ്ക്കിടയ്ക്ക് അല്ല വരുന്നത്. അതിനാൽ സ്വയം അനുഭവി മൂർത്തി ആയി ഓരോ കാര്യത്തിലും അനുഭവി ആകൂ,ജ്ഞാനസ്വരൂപത്തിന്റെ അനുഭവി ആകൂ, യോഗയുക്തമായിരിക്കുന്നതിന്റെ അനുഭവി ആകൂ, ധാരണ സ്വരൂപത്തിന്റെ അനുഭവി ആകൂ. ആൾ റൌണ്ട് സേവനത്തിൽ മനസ്സാ, വാചാ, കർമ്മണാ, സംബന്ധ സമ്പർക്കത്തിൽ, സർവ്വതിലും അനുഭവി ആകൂ, എങ്കിൽ ബഹുമതിയോടെ ജയിച്ചു എന്ന് പറയാം. എന്ത് ആകാനാണ് ആഗ്രഹിക്കുന്നത്? ജയിച്ചാൽ മതിയോ ബഹുമതിയോടെ ജയിക്കണമോ?പിന്നാലെ വരുന്നവരും ജയിക്കും, താങ്കൾ ടൂ ലേറ്റ് (വളരെ വൈകി) ആകുന്നതിനു മുൻപ് എത്തിയവരാണ്, ഇപ്പോൾ പുതിയതായി വന്നവരാണ് എങ്കിലും ടൂ ലേറ്റ് എന്ന ബോർഡ് വച്ചിട്ടില്ല.ലേറ്റ് എന്ന ബോർഡ് ഉണ്ട്, ടൂ ലേറ്റ് വച്ചിട്ടില്ല.അതുകൊണ്ടു പുതിയവർ ആണെങ്കിലും ഇപ്പോഴും തീവ്രപുരുഷാർത്ഥം ചെയ്ത്, മുന്നിലേക്ക് പോകാൻ കഴിയും, എന്ത്കൊണ്ടെന്നാൽ ഫലം പ്രഖ്യാപിച്ചിട്ടില്ല. രണ്ടു സ്ഥാനം മാത്രമാണ് പുറത്ത് വന്നിട്ടുള്ളത് അച്ഛനും അമ്മയുടേത്. സഹോദരി സഹോദരന്മാരുടെ ആരുടേയും മൂന്നാമത്തെ സ്ഥാനം പുറത്ത് വന്നിട്ടില്ല. ദാദിമാരോട് കൂടുതൽ സ്നഹമാണെന്നു നിങ്ങൾ പറയുമെങ്കിലും, സ്ഥാനം പുറത്ത് വന്നിട്ടില്ല. നിങ്ങൾ വളരെ കാലത്തിനു ശേഷം തിരികെ കിട്ടിയവരാണ്, വളരെയധികം വാത്സല്യമുള്ള ഭാഗ്യവാന്മാരാണ്,പറക്കാൻ ആഗ്രഹിക്കുന്നിടത്തോളം ഉയരത്തിൽ പറക്കൂ. കൊച്ചു കുട്ടികളെ അവരുടെ അച്ഛൻ വിരൽ പിടിച്ച് നടത്താറില്ലേ, കൂടുതൽ സ്നേഹം തരുന്നു, മുതിർന്നവരെ വിരൽ കൊടുത്ത് നടത്തില്ല, അവർ സ്വന്തം കാലിൽ നടക്കും. പുതിയവർ ആണെങ്കിലും മുന്നേറാൻ സാധിക്കും. സുവർണ്ണ അവസരമാണ്. എത്രയും വേഗം ടൂ ലേറ്റ് എന്ന ബോർഡ് വയ്ക്കും, അതിനു മുൻപേ ചെയ്യൂ. ആദ്യമായി വന്ന പുതിയവർ കൈ ഉയർത്തൂ. ശരി.ആശംസകൾ. ആദ്യമായി നമ്മുടെ വീടായ മധുബനിൽ വന്നിരിക്കുകയാണ്, അതിനാൽ ബാപ്ദാദയും മുഴുവൻ പരിവാരവും

,ദേശത്തിലുള്ളവർ ആയാലും വിദേശികൾ ആണെങ്കിലും എല്ലാവരുടെയും ഭാഗത്ത് നിന്ന് കോടാനുകോടി മടങ്ങ് ആശംസകൾ.ശരി ഇപ്പോൾ സെക്കന്റിൽ ഏത് സ്ഥിതിയിൽ സ്ഥിതി ചെയ്യാൻ ബാപ്ദാദ നിർദ്ദേശം തരുന്നുവോ ആ സ്ഥിതിയിൽ സെക്കന്റിൽ ഇരിക്കാൻ സാധിക്കുമോ! അതോ പുരുഷാർത്ഥത്തിനു സമയം എടുക്കുമോ? ഇപ്പോൾ സെക്കന്റിന്റെ അഭ്യാസമാണ് വേണ്ടത്, മുന്നോട്ട് വരൻ പോകുന്ന അന്തിമ സമയത്ത് പാസ് വിത്ത് ഓണർ ആകുന്നതിന്റെ സർട്ടിഫിക്കറ്റ് നേടണം, അതിനുള്ള അഭ്യാസം ഇപ്പോൾ മുതൽ ചെയ്യണം. സെക്കന്റിൽ എവിടെ ഏത് സ്ഥിതിയാണോ ആഗ്രഹിക്കുന്നത് ആ സ്ഥിതിയിൽ സ്ഥിതി ചെയ്യണം. എവർറെഡി ആകണം. തയ്യാറാണോ.
ഇപ്പോൾ ആദ്യം ഒരു സെക്കൻഡിൽ പുരുഷോത്തമ സംഗമയുഗി ശ്രേഷ്ഠ ബ്രാഹ്മണൻ ആണ്, ഈ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ.... ഇപ്പോൾ ഞാൻ ഫരിശ്ത രൂപം ആണ്, ഡബിൾ ലൈറ്റ് ആണ്..., ഇപ്പോൾ വിശ്വ കല്യാണകാരി ആയി മനസ്സിലൂടെ നാല്ഭാഗത്തും ശക്തിയുടെ കിരണങ്ങൾ കൊടുക്കുന്നതിന്റെ അനുഭവം ചെയ്യൂ. അതുപോലെ മുഴുവൻ ദിവസവും സെക്കന്റിൽ സ്ഥിതി ചെയ്യാൻ കഴിയണം! ഇതിന്റെ അനുഭവം ചെയ്ത് കൊണ്ടിരിക്കൂ. ഇതിന്റെ അനുഭവം ചെയ്തുകൊണ്ടിരിക്കൂ. പെട്ടെന്നു എന്ത് വേണമെങ്കിലും സംഭവിക്കും. സമയം കൂടുതൽ കിട്ടില്ല. ബഹളത്തിനിടയിലും സെക്കൻഡിൽ അചഞ്ചലമാകാൻ കഴിയണം. ഇതിന്റെ അഭ്യാസം സ്വയം സമയം കണ്ടെത്തി ഇടയ്ക്കിടയ്ക്ക് ചെയ്തുകൊണ്ടിരിക്കൂ. ഇതിലൂടെ മനസ്സിനെ നിയന്ത്രിക്കുന്നത് സഹജമാകും. നിയന്ത്രണ ശക്തിയും, ഭരണ ശക്തിയും വർധിക്കും. ശരി.
നാനാഭാഗത്തുമുള്ള കുട്ടികളുടെ കത്തുകൾ ധാരാളം വന്നു, അനുഭവവും ധാരാളം വന്നു,ബാപ്ദാദ കുട്ടികൾക്ക് പകരമായി വളരെയധികം ഹൃദയത്തിന്റെ ആശിർവാദങ്ങളും, ഹൃദയത്തിൽ നിന്നുള്ള സ്നേഹസ്മരണകളും കോടാനുകോടി മടങ്ങായി നൽകുന്നു. ബാപ്ദാദ നോക്കുകയായിരുന്നു നാനാഭാഗത്തുള്ള കുട്ടികൾ കേൾക്കുകയും, കാണുകയും ചെയ്യുന്നുണ്ട്. ആരെല്ലാം കണ്ടുകൊണ്ടിരിക്കുന്നുണ്ടോ, അവരും ഓർമ്മയിലാണ്. എല്ലാവരുടെയും ബുദ്ധി ഈ സമയത്ത് മധുബനിലാണ്. നാനാഭാഗത്തുമുള്ള ഓരോ കുട്ടിയും പേര് സഹിതമായി സ്നേഹസ്മരണകൾ സ്വീകരിച്ചാലും.

സദാ ഉന്മേഷത്തിന്റെയും ഉത്സാഹത്തിന്റെയും ചിറകുകളിലൂടെ ഉയർന്ന സ്ഥിതിയിൽ പറന്നുകൊണ്ടിരിക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ സ്നേഹത്തിൽ ലവ് ലീനമായിരിക്കുന്ന,ലയിച്ചിരിക്കുന്ന കുട്ടികൾക്ക്, സദാ പ്രയത്നങ്ങളിൽ നിന്ന് മുക്തം, സമസ്യാ മുക്തം, യോഗയുക്തം,രഹസ്യ യുക്തരായ കുട്ടികൾക്ക്, സദാ ഓരോ പരിസ്ഥിതിയിലും സെക്കൻഡിൽ പാസ് ആകുന്നവർക്ക്, ഓരോ സമയത്തും സർവ്വശക്തി സ്വരൂപമായിരിക്കുന്ന മാസ്റ്റർ സർവ്വശക്തിവനായ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും നമസ്തേയും.

## വരദാനം: – സ്വർണ്ണിമയുഗ സ്വഭാവത്തിലൂടെ സ്വർണ്ണിമ യുഗത്തിന്റെ സേവനം ചെയ്യുന്ന ശ്രേഷ്ഠ പുരുഷാർത്ഥിയായി ഭവിക്കട്ടെ

ഏത് കുട്ടികളുടെ സ്വഭാവത്തിലാണോ ഈർഷ്യ, സിദ്ധമാക്കുകന്നത്തിന്റെയും വാശിയുടെയും ഭാവത്തിന്റെ അഥവാ പഴയ സംസ്കാരങ്ങളുടെ കലർപ്പു ചേർന്നിട്ടില്ലാത്തത് അവരാണ് സ്വർണ്ണിമ യുഗത്തിന്റെ സ്വഭാവം ഉള്ളവർ. അതുപോലെ സ്വർണ്ണിമയുഗത്തിന്റെ സ്വഭാവം ഉള്ള സദാ ഹാം ജി യുടെ സംസ്കാരം ഉണ്ടാക്കുന്ന ശ്രേഷ്ഠ പുരുഷാർത്ഥികളായ കുട്ടികൾ സമയവും സേവനത്തിനും അനുസൃതമായി സ്വയത്തിനെ മോൾഡ് ചെയ്ത് യഥാർത്ഥ സ്വർണ്ണമായി മാറുന്നു. സേവനത്തിൽ അഭിമാനത്തിന്റെയും അപമാനത്തിന്റെയും കലർപ്പ് കലരരുത് അപ്പോൾ സ്വർണ്ണിമയുഗത്തിന്റെ സേവനം ചെയ്യുന്നവർ എന്ന് പറയാം.

## സ്ലോഗൻ: – എന്ത് എന്ത്കൊണ്ട് എന്ന ചോദ്യങ്ങളെ സമാപ്തമാക്കി സദാ പ്രസന്നചിത്തരായിരിക്കൂ.

**അവ്യക്ത സൂചന-സഹജയോഗി ആകണമെങ്കിൽ പരമാത്മ സ്നേഹത്തിന്റെ അനുഭവി ആകൂ.**
ലൗലീന സ്ഥിതിയുള്ള സമനാരായ ആത്മാക്കൾ സദാ യോഗിയാണ്. യോഗം വയ്ക്കുന്നവർ അല്ല, ലൗലീനരായിരിക്കും. വേറെ അല്ലാത്തതിനാൽ ഓർമ്മിക്കേണ്ടതില്ല. സ്വതവേ ഓർമ്മ ഉണ്ടാകും.കൂടെ ഉള്ളിടത്ത് സ്വതവേ ഓർമ്മ ഉണ്ടാകും.സമനാരായ ആത്മാക്കളുടെ സ്ഥിതി കൂടെ ഇരിക്കുന്നതും ലയിച്ചിരിക്കുന്നതുമാണ്.